# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 655 | 28/9/2016 -ൽ മറുപടിക്ക്

## പള്ളിപ്പുറം വാട്ടർ ടാങ്ക് നിർമ്മാണം

**ചോദ്യം**

ശ്രീ. എസ്.ശർമ്മ

(എ) 960 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക വരുന്ന പള്ളിപ്പുറം വാട്ടർ ടാങ്ക് നിർമ്മാണത്തിന് ജല അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്നും വിശദമാക്കാമോ?

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) നോർത്ത് പറവൂർ നഗരത്തിനും പള്ളിപ്പുറം, ഏഴിക്കര, ചേന്ദമംഗലം, വടക്കേക്കര, ചിറ്റാറ്റുകര എന്നീ പഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ പ്രസ്തുത പ്രവർത്തിക്കായി 97 കോടി രൂപയുടെ പ്രാരംഭ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ പ്രസ്തുത പ്രവർത്തിയുടെ ചുമതല പെരുമ്പാവൂർ പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. പ്രസ്തുത പദ്ധതി ഉൾക്കൊള്ളിച്ചിട്ടുള്ള സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി) യുടെ കരട് രേഖ പുറമേ നിന്നുള്ള സഹായത്തിന് പരിഗണിക്കുന്നതിനായി പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/